


# വിവാഹമോചനങ്ങൾ കൂടുന്നത് എന്തുകൊണ്ട്

## വിവാഹപൂർവ്വ കൗൺസിലിംഗ് അനിവാര്യം

ദാമ്പത്യത്തെ പവിത്രമായി കണ്ടുകൊണ്ടിരുന്നവരാണ് മലയാളികൾ. പക്ഷെ തലമുറകളുടെ ചിന്താഗതിക്കും ജീവിതരീതിക്കും മാറ്റം വന്നപ്പോൾ അവിടെ പൊരുത്തങ്ങളെക്കാൾ കൂടുതൽ പൊരുത്തക്കേടുകൾ വന്നുതുടങ്ങി. അണ്ടർസ്റ്റാൻഡിംഗ് എന്നത് അഡ്ജസ്റ്റ്മെന്റിലേക്ക് വഴിമാറി. പരസ്പരം മനസിലാക്കാനോ പ്രശ്നങ്ങൾ ഒരുമിച്ചിരുന്നു ചർച്ച ചെയ്തു പരിഹരിക്കാനോ ശ്രമിക്കാത്ത യുവതലമുറ ആർക്കും എപ്പോഴും ഒഴിഞ്ഞുപോകാവുന്ന കൂട്ടുകച്ചവടത്തിന്റെ അവസ്ഥയിലേക്കു കുടുംബബന്ധങ്ങളെ കൊണ്ടെത്തിക്കുകയാണ്.

ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽപോലും വിവാഹമോചനത്തിനു മുതിരുകയും വിവാഹബന്ധങ്ങളുടെ തകർച്ച തീരെ ഗൗരവമല്ലാതായി മാറുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വിവാഹപൂർവ്വ കൗൺസിലിംഗ് ഏറെ പ്രസക്തമാവുകയാണ്. വിവാഹ ജീവിതത്തിലേക്ക് കടക്കുന്നവരെ അതിന് സജ്ജരാക്കുകയാണ് വിവാഹപൂർവ്വ കൗൺസിലിംഗ് കൊണ്ടുദ്ദേശിക്കുന്നത്.

വിവാഹം നിയമപരമായി മാത്രം

ഒരുമിക്കാൻ കഴിയുന്ന ഒന്നാണെങ്കിലും ശാരീരികവും മാനസികവുമായ ഐക്യമാണ് വിവാഹജീവിതത്തിനു അടിത്തറ ഒരുക്കുന്നത്. അതിനുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനൊപ്പം ഉള്ളിൽ പതിഞ്ഞുപോയ സംശയങ്ങൾ ദൂരീകരിക്കാനും കുടുംബജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വന്നുചേരാനിടയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട രീതികളെക്കുറിച്ചും സംതൃപ്ത ദാമ്പത്യജീവിതത്തെക്കുറിച്ചും കുട്ടികളുടെ പരിചരണത്തെക്കുറിച്ചുമെല്ലാം വേണ്ടത്ര അറിവുപകരാനും വിവാഹപൂർവ്വ കൗൺസിലിംഗ് സഹായകരമാകും.

## പെരുകുന്ന വിവാഹമോചനങ്ങൾ

ഇന്ത്യയുടെ വിവാഹമോചന തലസ്ഥാനമെന്ന വിശേഷണം കേരളം കൊണ്ടുനടക്കാൻ തുടങ്ങിയിട്ടു കാലങ്ങളേറെയായി. കേരളത്തിൽ പ്രതിവർഷം ശരാശരി രണ്ടായിരത്തോളം ദമ്പതികൾ വിവാഹമോചിതരാകുന്നുവെന്നാണ് കുടുംബകോടതികൾ ലഭ്യമാക്കുന്ന കണക്ക്. ഇതിന്റെ എത്രയോ ഇരട്ടി വിവാഹമോചന കേസുകളാണ് കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്നത്.

മൂന്നുവർഷം മുമ്പുവരെ ഇത് ആയിരത്തിനും ആയിരത്തി അഞ്ഞൂറിനും ഇടയിലായിരുന്നു. തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിലാണ് ഏറ്റവും കൂടുതൽ വിവാഹമോചന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസുകൾ പരിശോധിച്ചാൽ പലതിലും അടിസ്ഥാനമില്ലാത്തതും പ്രാധാന്യമില്ലാത്തതുമായ കാരണങ്ങളിലാണ് വിവാഹമോചനം നടന്നിരിക്കുന്നതെന്നു കാണാം.

കേരളത്തിൽ വിവാഹമോചനത്തിനുവേണ്ടി ഏറ്റവും കൂടുതൽ കോടതിയിൽ കയറിയിറങ്ങുന്നത് 18-നും 35-നും മദ്ധ്യേ പ്രായമുള്ളവരാണ്. പ്രൊഫഷണലുകളും വിദ്യാസമ്പന്നരായവരുമാണ് ഇതിൽ കൂടുതലും.

## വിവാഹമോചനങ്ങൾ പെരുകുന്നതിന്റെ ചില കാരണങ്ങൾ

വിവാഹജീവിതത്തോടുള്ള പ്രതിബദ്ധതക്കുറവ്, ദമ്പതികൾ തമ്മിലുള്ള ആശയവിനിമയത്തിന്റെ അഭാവം, പങ്കാളിയെ അവഗണിക്കൽ, ഈഗോയും പരസ്പരം അംഗീകരിക്കുന്നതിലുള്ള താൽപര്യമില്ലായ്മ, ലൈംഗികമായ പൊരുത്തക്കേടുകളും പരസ്പര വിശ്വാസക്കുറവും, മദ്യം അടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം, ശാരീരികവും മാനസികവും ലൈംഗികവുമായ അതിക്രമം,






സന്ധ്യാറാണി. എൽ
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
നന്തൻകോട്, തിരുവനന്തപുരം
ഫോൺ: 9387613503
www.consolace.com


**യഥാസമയം ഒരുമിച്ചിരുന്നു സംസാരിച്ചോ ചർച്ചചെയ്തോ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണു കൂടുതൽ വഷളാക്കി വേർപിരിയലിന്റെ വക്കിലേക്ക് കൊണ്ടെത്തിക്കുന്നത്. നിസ്സാര കാരണങ്ങളുടെ പേരിലാണു ഭൂരിഭാഗം പേരും പിരിയാൻ തീരുമാനമെടുക്കുന്നത്. പലർക്കും പിരിയുന്നതിൽ അൽപം പോലും സങ്കടമില്ലെന്നതാണ് മറ്റൊരു വസ്തുത. ജീവിതത്തെ നിസാരവത്ക്കരിക്കുകയാണ് ഇവർ.**



പ്രശ്നങ്ങൾ പരിഹരിക്കാനോ കൈകാര്യം ചെയ്യാനോ ഉള്ള കഴിവില്ലായ്മ, വ്യക്തിപരവും തൊഴിൽ പരവുമായ ലക്ഷ്യങ്ങളിലുള്ള വൈരുദ്ധ്യം, കുടുംബത്തെ മുന്നോട്ടു നയിക്കുന്നതിൽ ഉണ്ടാകുന്ന വിഭിന്നമായ പ്രതീക്ഷകൾ,സാമ്പത്തിക പ്രശ്നങ്ങൾ, ബൗദ്ധികമായ പൊരുത്തക്കേടുകളും കാർക്കശ്യസ്വഭാവവും മനോരോഗങ്ങൾ മതപരമായ വിശ്വാസങ്ങളിലെ വ്യത്യാസം സംസ്കാരത്തിലെയും ജീവിത രീതിയിലെയും വൈരുദ്ധ്യങ്ങൾ.

യഥാസമയം ഒരുമിച്ചിരുന്നു സംസാരിച്ചോ ചർച്ചചെയ്തോ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണു കൂടുതൽ വഷളാക്കി വേർപിരിയലിന്റെ വക്കിലേക്ക് കൊണ്ടെത്തിക്കുന്നത്. നിസ്സാര കാരണങ്ങളുടെ പേരിലാണു ഭൂരിഭാഗം പേരും പിരിയാൻ തീരുമാനമെടുക്കുന്നത്. പലർക്കും പിരിയുന്നതിൽ അൽപം പോലും സങ്കടമില്ലെന്നതാണ് മറ്റൊരു വസ്തുത. ജീവിതത്തെ നിസാരവത്ക്കരിക്കുകയാണ് ഇവർ.

ഒരു ദിവസംപോലും ഒരുമിച്ച് ജീവിച്ചിട്ടില്ലാത്ത ആളുകൾപോലും വിവാഹമോചനത്തിന് ഒരുങ്ങുന്ന കാലമാണിത്. വിദ്യാഭ്യാസപരമായും സാമൂഹികമായും മാറ്റമുണ്ടായെങ്കിലും ഭദ്രമായൊരു കുടുംബാന്തരീക്ഷം കൊണ്ടുപോകാനുള്ള പക്വത പലർക്കുമില്ല എന്നതാണ് ഇത്തരം നീക്കങ്ങൾ തെളിയിക്കുന്നത്.

അതുകൊണ്ടുതന്നെ, ചെറിയ മത്സരപരീക്ഷകൾക്കുപോലും വൻതയ്യാറെടുപ്പ് നടത്തുന്നവർ വിവാഹജീവിതം എന്ന വലിയ പരീക്ഷക്കുവേണ്ടി മാനസികമായ എന്തുതയ്യാറെടുപ്പ് നടത്തുന്നുവെന്നു സ്വയം ചിന്തിച്ചുനോക്കുന്നതും ഈ അവസരത്തിൽ നന്നായിരിക്കും.

## ഇത് വിവാഹമോചനത്തെ പിന്തുണക്കുന്ന മാതാപിതാക്കളുടെ കാലം

പണ്ടുകാലത്ത് വരന്റെയോ വധുവിന്റെ മാതാപിതാക്കൾ പുലർത്തുന്ന കാർക്കശ്യനിലപാടുകളും കൃത്യമായ നിരീക്ഷണവും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും കാരണം വിവാഹബന്ധങ്ങൾക്ക് ദീർഘായുസ്സ് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അണുകുടുംബങ്ങളിലേക്കു ജീവിതം പറിച്ചുനടപ്പെടുമ്പോൾ ദമ്പതികൾക്കു സ്വന്തം കുടുംബത്തിലെ മുതിർന്ന ഒരാളിനോടു ഒരു തുറന്നുപറച്ചിലിനു കഴിയാതെ വരുന്നു.

പണ്ട് വിവാഹമോചനം തടയാൻ മാതാപിതാക്കൾ ശ്രമിച്ചിരുന്നെങ്കിൽ ഇന്നു മാതാപിതാക്കളുടെ പിന്തുണയോടെയുള്ള വേർപിരിയലാണ് നടക്കുന്നത്. വിവാഹമോചനത്തിനു പ്രത്യേകിച്ചും പെൺകുട്ടികളുടെ മാതാപിതാക്കൾ മുൻകൈയെടുക്കുന്ന പ്രവണത ഇന്നു വർദ്ധിക്കുകയാണ്. ഇതേ നിലപാടുതന്നെ അവരുടെ അഭിഭാഷകരും കോടതിയിൽ സ്വീകരിക്കുന്നു.

## യാഥാർഥ്യബോധത്തോടെയാകണം പ്രതീക്ഷകൾ

വിവാഹജീവിതത്തെക്കുറിച്ചു ഉന്നതമായ ശുഭപ്രതീക്ഷകൾ വച്ചുപുലർത്തുന്നത് നല്ലതാണ്. പക്ഷെ അത്തരം പ്രതീക്ഷകൾ യാഥാർഥ്യബോധത്തിൽ അധിഷ്ഠിതമായിരിക്കണം. കുടുംബജീവിതത്തിൽ ഉണ്ടായേക്കാവുന്ന സാമ്പത്തികാവശ്യങ്ങൾ, പുലർത്തേണ്ട ഉത്തരവാദിത്തങ്ങൾ, നിലനിർത്തേണ്ട സാമൂഹ്യബന്ധങ്ങൾ എന്നിവയെക്കുറിച്ചു മുൻപേതന്നെ വ്യക്തമായ അവബോധമുണ്ടായിരിക്കണം. ഇവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അസ്വാരസ്യങ്ങളാണു പലപ്പോഴും കുടുംബ സംഘർഷത്തിലേക്കു നയിക്കുന്നത്.

പൊരുത്തക്കേടുകൾ പലകാരണങ്ങൾ കൊണ്ടും പല സാഹചര്യങ്ങൾകൊണ്ടും സംഭവിച്ചേക്കാം. എന്നാൽ നിങ്ങളുടെയും പങ്കാളിയുടെയും ചിന്താഗതികളെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുണ്ടെങ്കിൽ കുടുംബജീവിതത്തിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നല്ലൊരു ശതമാനവും ഒഴിവാക്കാനാകും. പക്ഷെ അതിനായി ചില കണക്കുകൂട്ടലുകൾ അനിവാര്യമാണ്. വിവാഹജീവിതത്തിനുമുമ്പുതന്നെ ഈ കണക്കുക്കൂട്ടലുകളിൽ വ്യക്തത വരുത്തിയിരിക്കണമെന്നുകൂടി ഓർമിപ്പിക്കട്ടെ.

## കലഹരഹിത സന്തുഷ്ട ജീവിതം മിഥ്യാധാരണ

കലഹരഹിതമായും സ്നേഹപൂർണമായും നൂറുശതമാനവും സന്തുഷ്ടമായ വൈവാഹിക ജീവിതം നയിക്കാൻ കഴിയുമെന്നത് വിവാഹത്തിനുമുമ്പ് തോന്നുന്ന ഒരു മിഥ്യാധാരണയാണ്. വിവാഹ ശേഷം യാഥാർഥ്യങ്ങളെ മുഖാമുഖം വീക്ഷിക്കേണ്ടിവരുമ്പോൾ ഭാവനയിൽ കണ്ടതൊന്നുമല്ല വാസ്തവമെന്നു തിരിച്ചറിയേണ്ടി വരും. എന്തെങ്കിലും തരത്തിലുള്ള എതിരഭിപ്രായങ്ങൾ വിവിധ സാഹചര്യങ്ങളിൽ നിങ്ങളുടെ പങ്കാളിയിൽ നിന്നാകുമ്പോൾ മാത്രമാണ് നിങ്ങളുടെ ഭാവനാവിഗ്രഹങ്ങൾ ഓരോന്നായി ഉടയാൻ തുടങ്ങുന്നത്. വാക്കുകൾക്കിടയിലെ പൊരുത്തക്കേടുകൾ മനസുകൾ തമ്മിലുള്ള അകൽച്ച

യിലേക്കു വഴിമാറാൻ അധികം വൈകണമെന്നില്ല. അതുകൊണ്ടു തന്നെ ഇത്തരം സാഹചര്യങ്ങൾ എപ്പോഴെങ്കിലും വന്നുചേർന്നേക്കാമെന്നു കരുതി അതിനെ അതിജീവിക്കാൻ നിങ്ങൾ വിവാഹത്തിനു മുമ്പുതന്നെ മാനസികമായി തയ്യാറെടുത്തിരിക്കണം.

അറിഞ്ഞോ അറിയാതെയോ വിവിധ സാഹചര്യങ്ങളിൽ നിന്നും വന്നുചേരുന്ന വ്യക്ത്യധിഷ്ഠിതമായ സംഘർഷങ്ങൾക്കിടയിൽ നിന്നാണു ഭൂരിഭാഗം പേരും യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ വിവാഹമെന്ന മറ്റൊരു ജീവിതാവസ്ഥയിലേക്കു മാറുന്നത്. എന്നാൽ വിവാഹജീവിതത്തെക്കുറിച്ചു മുൻധാരണയോടെ മനസിലുറച്ചുപോയ സങ്കൽപങ്ങളല്ല വിവാഹാനന്തരം തുടർച്ചയായി അഭിമുഖീകരിക്കേണ്ടി വരുന്നതെങ്കിൽ അത്തരത്തിലുള്ള ഒരു കുടുംബജീവിതം ഇരുപങ്കാളികൾക്കും ബാധ്യതയായി തീരും.

അതേസമയം പ്രശ്നങ്ങളും അഭിപ്രായ വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളും ഉണ്ടാകുമ്പോൾ അതിനെ സമചിത്തതയോടെ നേരിടാൻ പ്രാപ്തനാണെങ്കിൽ ദീർഘകാലം നീളുന്ന സന്തുഷ്ട ദാമ്പത്യജീവിതം നയിക്കാനാകും. ഇത്തരത്തിൽ പ്രശ്നങ്ങളെ അതിജീവിക്കാൻ വിവാഹത്തിനുമുമ്പുതന്നെ പ്രാപ്തമാക്കുന്ന ശാസ്ത്രീയ രീതിയാണ് വിവാഹപൂർവ്വ കൗൺസിലിംഗ് പിന്തുടരുന്നത്.

## കൗൺസിലിംഗ് പ്രസക്തമാകുന്നത് എന്തുകൊണ്ട്?

വിവാഹത്തെക്കുറിച്ചു പലർക്കും പലതരത്തിലുള്ള സങ്കൽപങ്ങളാകും ഉണ്ടാകുക. ഇത്തരത്തിൽ മനസിൽ ഉറച്ചുപോയ സങ്കൽപങ്ങൾ പലതും യാഥാർത്ഥ്യത്തിനു നിരക്കുന്നത് ആയിരിക്കണമെന്നില്ല. ഈ സാഹചര്യത്തിൽ നിങ്ങളിൽ ഉറഞ്ഞുപോയ തെറ്റിദ്ധാരണകളെ മാറ്റാൻ വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ സഹായകരമാകും. മറ്റൊന്നു വിവാഹജീവിതത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ പരിഹരിക്കലാണ്.

ഭാര്യാഭർതൃബന്ധം, പരസ്പരം മനസ്സിലാക്കൽ, മനപൊരുത്തം, കുടുംബാസൂത്രണത്തിന്റെ പ്രാധാന്യം, സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടവിധം, ലൈംഗികമായ തെറ്റിദ്ധാരണകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം ഈ ക്ലാസ്സുകളിൽ ഉത്തരം ലഭിക്കും.

അസംഭവ്യമെന്നോ അപ്രതീക്ഷിതമെന്നോ നിങ്ങൾക്കു തോന്നിയേക്കാവുന്നതും എന്നാൽ ഭാവിയിൽ നേരിടേണ്ടി വന്നേക്കാവുന്നതുമായ ചില പ്രശ്നങ്ങൾക്കു മുൻകരുതലെടുക്കുന്നതിനും സഹായിക്കുന്നതിനു പുറമേ പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസ്സുകളിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ഭാവി ജീവിതത്തിനു മുതൽക്കൂട്ടാകുമെന്ന കാര്യത്തിലും ഒരു സംശയവും വേണ്ട.

കേരളത്തിൽ വിവാഹമോചിതരാകുന്നവരുടെ എണ്ണം നാൾക്കുനാൾ വർധിക്കുന്ന സാഹചര്യത്തിൽ വിവാഹപൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കണമെന്ന സംസ്ഥാന വനിതാകമ്മീഷന്റെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് സ്നേഹത്തിന്റെയും പരസ്പരധാരണകളുടെയും സുവർണ്ണനൂലിഴകൾകൊണ്ട് തുന്നിച്ചേർക്കേണ്ട ഒന്നാണ്. ബന്ധങ്ങളിലെ വിശ്വാസക്കുറവും പരസ്പരം മനസ്സിലാക്കുന്നതിൽ വരുന്ന വീഴ്ചയും ദാമ്പത്യജീവിതത്തെ തച്ചുടക്കുന്ന സാഹചര്യത്തിലാണ് വധൂവരന്മാർ വിവാഹപൂർവ കൗൺസിലിംഗിനു വിധേയമായിരിക്കണമെന്ന കർശന നിർദേശം വനിതാകമ്മീഷൻ മുന്നോട്ടുവച്ചത്. കുടുംബങ്ങളിൽ ആരോഗ്യകരമായ ബന്ധം ഉണ്ടാകുവാൻ യുവതീയുവാക്കൾക്ക് കൃത്യമായ ബോധവത്കരണം അനിവാര്യമാണ്. ഇപ്പോൾ തന്നെ ചില ക്രിസ്ത്യൻ സഭകളടക്കമുള്ള സമുദായ സംഘടനകൾ വിവാഹപൂർവ കൗൺസിലിംഗ് നടത്തി വരുന്നു.

## പരാജിതരാകരുത്, ഈ ജീവിതപരീക്ഷയിൽ

ജീവിതം ഒരു പരീക്ഷയാണ്. അവിടെ അവനോ അവൾക്കോ സ്വന്തമായി ഒരു ചോദ്യക്കടലാസും ഉണ്ടാകും. അതിന്റെ ഉത്തരങ്ങൾ മറ്റൊരാളിന്റെ ജീവിതത്തിൽനിന്നും പകർത്താനാകില്ല.സ്വന്തം

**പൊരുത്തക്കേടുകൾ പലകാരണങ്ങൾ കൊണ്ടും പല സാഹചര്യങ്ങൾകൊണ്ടും സംഭവിച്ചേക്കാം. എന്നാൽ നിങ്ങളുടെയും പങ്കാളിയുടെയും ചിന്താഗതികളെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുണ്ടെങ്കിൽ കുടുംബ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നല്ലൊരു ശതമാനവും ഒഴിവാക്കാനാകും.**

ജീവിതത്തിൽ നിന്നുയരുന്ന ചോദ്യങ്ങൾക്കു സ്വയം ഉത്തരം നൽകാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ ഒരു പരാജയമാണെന്നു ഉറപ്പിക്കാം. പ്രശ്നങ്ങൾക്കു മുമ്പിൽ പകച്ചുനിൽക്കുന്നതിനുപകരം അവയെ ആത്മവിശ്വാസത്തോടെയും ലക്ഷ്യബോധത്തോടെയും നേരിടുന്നവരാണ് യഥാർത്ഥ വിജയികൾ.

ഈ പ്രശ്നം കൈകാര്യം ചെയ്യാൻ എനിക്കറിയാം എന്ന ദൃഢനിശ്ചയമാണ് നമുക്ക് ഉണ്ടാകേണ്ടത്. ഇത്തരത്തിലുള്ള ദൃഢനിശ്ചയത്തിന്റെ അഭാവത്തിലും അപക്വമായ തീരുമാനങ്ങളുടെ പേരിലും മനോഹരമായ ജീവിതം നയിച്ചിരുന്ന പലകുടുംബങ്ങളും തകർച്ചയിലകപ്പെട്ട പല ഉദാഹരണങ്ങളും കൗൺസിലിംഗ് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതോടെ നിങ്ങൾക്കു ബോധ്യമാകും.

വിവാഹനന്തരമുണ്ടാകുന്ന പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടാനും പ്രതിസന്ധികളെ അതിജീവിക്കാനും ഉത്തമ വൈവാഹിക ജീവിതം സാധ്യമാക്കുന്നതിനും വിവാഹപൂർവ കൗൺസിലിംഗ് നിങ്ങളെ ഏറെ സഹായിക്കുമെന്നു ഒരിക്കൽക്കൂടി ഓർമിപ്പിക്കട്ടെ.